ദൈവദാസനായ
കനീസിയൂസച്ചൻ
2017 January
Vol: 3 Issue: 1









# സന്യാസനതപ്പ്

ദൈവദാസൻ കനീസിയൂസ് അച്ചൻ

## I സന്യാസികൾ ആരാണ്?

ദൈവാരാധനയ്ക്കായി പ്രതിഷ്ഠിതരും, സ്നേഹത്തിൽ സംയോജിതരും, സ്നേഹവലയം വിസ്തൃതമാക്കുന്നതിൽ വ്യാപൃതരും ആയിരിക്കുന്ന സഹോദരർ. (Worshipful brethren, united in charity and engaged in extending dimensions of that charity)

### i) "ആരാധകരായ സഹോദരർ"

എല്ലാ ക്രിസ്ത്യാനികളും ആരാധകരായ സഹോദരങ്ങളാണ്. കാരണം മാമ്മോദീസ വഴി എല്ലാവരും ദൈവാരാധനയ്ക്കായി പ്രതിഷ്ഠിതരാണ്. (തിരുസഭയെ സംബന്ധിച്ച് വത്തി.44:2; സന്യാസികളെ സംബന്ധിച്ച്:5) അതിനാൽ തിരുസഭ തന്നെ അരാധകരായ സഹോദരങ്ങളുടെ ഒരു സമൂഹവും, ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ മഹാ അടയാളമായി തീരുന്നു. (The great sign).

എന്നാൽ സന്യാസികൾ ആരാധകരെന്ന നാമം കൂടുതൽ സാർത്ഥകമാക്കുന്നു. കാരണം; അവർ ചെയ്യുന്ന വ്രതങ്ങൾ - ബ്രഹ്മചര്യം, ദാരിദ്ര്യം, ആജ്ഞാനുസരണം എന്നിവ - മാമ്മോദീസായിൽ നടന്നു കഴിഞ്ഞിട്ടുള്ളതും മുൻപറഞ്ഞ പ്രതിഷ്ഠയുടെ തീവ്രീകരണവും ദൃഢീകരണവുമാണെന്ന് വത്തിക്കാൻ സൂനഹദോസ് സ്പഷ്ടമാക്കുന്നു (മേലുദ്ധരിച്ച ഭാഗങ്ങളിൽ തന്നെ).

അങ്ങനെ സന്യാസസഭകൾ, ദൈവസാന്നിദ്ധ്യത്തിന്റെ മഹാ അടയാളമായ തിരുസഭയ്ക്കകത്ത് ശോഭിച്ചുക്കൊണ്ടിരിക്കുന്ന താരങ്ങളായി തീരുന്നു. (Sign within the sign).

### ii)സ്നേഹത്തിൽ സംയോജിതർ

എല്ലാ ക്രിസ്ത്യാനികളും സ്നേഹത്തിൽ സംയോജിതരാണ്. "നിങ്ങൾ പരസ്പരം സ്നേഹിക്കുക......... ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുക; ഇതുകൊണ്ട് നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം മനസിലാക്കും" (യോഹ 8: 35) ഇതാണല്ലോ ദിവ്യഗുരുവിന്റെ ഉത്ബോധനം.

എന്നാൽ സന്യാസികൾ, സ്നേഹസംയോജ്യതയുടെ പ്രകടനമായി ആദ്യക്രിസ്ത്യാനികൾ ചെയ്തതു പോലെ, പ്രാർത്ഥന, ഭക്ഷണം, വസതി, മറ്റു സൗകര്യങ്ങൾ എന്നിവയിലും ഒരേവിധം പങ്കുചേരാൻ അവസരം നല്കുന്ന പൊതുജീവിതം സ്വയം വരിക്കുന്നു.(നടപടി 2:44, 4: 32) മാത്രമല്ല സ്നേഹജീവിതത്തിന്റെ അത്യുജ്ജ്വല മാതൃകയായ സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുക എന്നത് അവർ തങ്ങളുടെ ജീവിതത്തിന്റെ മൂല പ്രമാണമായി സ്വീകരിക്കുന്നു. (സന്യാസ ജീവിതം സംബന്ധിച്ചു വത്തി 2, a)

a) ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ അവരും തിരുസഭയെ പവിത്രീകരിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും കറയോ ജരയോ കൂടാതെ മഹത്വ പൂർണ്ണയാക്കിത്തീർക്കുന്നതിനുമായി സ്വയം സമർപ്പിക്കുന്നു. (എഫേ.5: 25)

b) ഈശോയെപ്പോലെ,തിരുസഭയെപ്പറ്റി, അവർ അവിവാഹിതരായി നിത്യബ്രഹ്മചാരികളായി തീരുന്നു (മാത്യു19:12, എഫേ. 5: 25)

c) ഈശൊയേപ്പോലേ, ധനികരായിരിക്കേ, സ്വന്ത ദാരിദ്ര്യം കൊണ്ട്, തിരുസഭയെ സമ്പന്നയാക്കുന്നതിനായി, അവർ ദാരിദ്ര്യം വരിക്കുന്നു (2 കൊറി. 8:9)

d) ഈശോയെപ്പോലേ, തിരുസഭയെ വിശുദ്ധീകരിക്കുന്നതിലും, സമ്പന്നയാക്കുന്നതിലും, മഹത്വ പൂർണ്ണയാക്കുന്നതിലും പിതാവിന്റെ പ്ലാൻ അന്യൂന്യം പൂർണ്ണമായും യഥാർത്ഥീകരിക്കപ്പെടുന്നതിനുമായി, അവിടുത്തെ തിരുചിത്തം മനസ്സിലാക്കിത്തരുന്ന അവിടുത്തെ സ്ഥാനപതികൾക്ക് സദാ കീഴടങ്ങുമെന്ന് അവർ സ്വയം വ്രതബദ്ധരാകുന്നു.(ഹെബ്രാ 10.7, യോഹ. 5:30,10: 18, ലൂക്കാ. 2:49, ഫിലിപ്പി. 2:8)

### iii) സ്നേഹവലയം വിസ്തൃതമാക്കുന്നതിൽ വ്യാപൃതർ

ക്രിസ്തുവിന്റെ സ്നേഹചൈതന്യം എല്ലാവരിലേക്കും വ്യാപിപ്പിക്കുന്നതിന്, സ്ഥലകാലസാഹചര്യങ്ങൾ ആവശ്യപ്പെട്ട പ്രത്യേക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കികൊണ്ടാണ് ഓരോ സന്യാസസഭയും ഭൂമുഖത്ത് ഉദയം ചെയ്തത്. അവയുടെ സ്ഥാപകർ, തങ്ങൾക്കു ലഭിച്ച ദിവ്യസിദ്ധിക്കനുസൃതം, തുല്യസിദ്ധികളാൽ ഉത്തേജിതരായവർക്ക് നേതൃതം നല്കി അവരെ പ്രവർത്തനനിരതരാക്കി. അങ്ങനെ രൂപം കൊണ്ട ഓരോ സമൂഹത്തിന്റേയും അനന്തരതലമുറകൾ, ആദ്യ ചൈതന്യത്തിൽ അടിയുറച്ച് അവരുടേതായ പ്രവർത്തനങ്ങളുടെ കാലാനുസൃതമായ വളർച്ചയ്ക്കുവേണ്ടി സ്വന്തം ദിവ്യസിദ്ധികളും കഴിവുകളും ഉപയോഗിച്ചു കൊണ്ട് സ്നേഹവലയം വിസ്തൃതമാക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു.

## II) സന്യാസ സഭകൾ ഏവ?

ഇന്ന് ഭൂമുഖത്ത്, അനേകമനേകം സന്യാസസഭകളുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ സഭകളാണുള്ളത്.

i)പുരുഷനമാർക്കുള്ളവയിൽ, ചിലത് വൈദിക പ്രധാനങ്ങളാണ്, അവയിൽ ഭൂരിഭാഗം അംഗങ്ങളും വൈദീകരും ബാക്കിയുള്ളവർ അവൈദീകരുമായിരിക്കും. സന്യാസികൾ എന്ന നിലയിൽ അവർ എല്ലാവരും സമന്മാരാണ്. വൈദീകരായവർക്ക് വൈദീകരുടെ കടമകളും അവകാശങ്ങളും ഉണ്ടായിരിക്കും. ഉദാ. ബെനദിക്തോസ് സഭ, കർമ്മലസഭ, ഫ്രാൻസിസ്കൻ സഭ (കപ്പൂച്ചിൻ സഭ), ഈശോസഭ, സി.എം.ഐ സഭ, വിൻസെൻഷ്യൻ സഭ, അരാധന സഭ, ക്ലരീഷ്യൻസ്, സലേഷ്യൻസ്, പള്ളൊറ്റൈൻസ്.....

മറ്റുള്ളത് അവൈദീകസഭകളാണ്. അവയിലെ അംഗങ്ങൾ അത്മായരായിരിക്കും. ഉദാ. ഫ്രാൻസിസ്കൻ ബ്രദേഴ്സ്, ഗബ്രിയേൽ ബ്രദേഴ്സ്. ഇനിയും ചിലത് തുല്യ പ്രാധാന്യമുള്ളവയായിരിക്കും.(അവയിൽ വൈദീകരുടെയും അവൈദീകരുടെയും സംഖ്യ ഏകദേശം തുല്യമായിരിക്കും). ഉദാ. ഹോളിക്രോസ് സഭ, മാരിസ്റ്റ് സഭ.........

ii) സ്ത്രീകൾക്കുള്ള സഭകളിൽ ചിലതിന്റെ പേര് താഴെ കോടുക്കുന്നു. കർമ്മല സഭ, സി.എം.സി സഭ, ക്ലാര സഭ, തിരുഹൃദയ സഭ, തിരുകുടുംബ സഭ, ആരാധന സഭ, ആഗതികളുടെ സഹോദരികൾ, നസ്രത്ത് സിസ്റ്റേഴ്സ്, അപ്പസ്റ്റോലിക് കാർമ്മെൽ, മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്, ഹോളിക്രോസ് സിസ്റ്റേഴ്സ്, അർസെലൈൻസ്, ബ്രിഡ്ജെറ്റൈൻസ്.................

N.B)സന്യാസ സഭകളിൽ ബെനദിക്തോസ് സഭ, കർമ്മലീത്ത സഭ മുതലായവ പ്രണിധാനോന്മുഖമാണ് (contemplative). പ്രാർത്ഥനയുടെ പ്രേഷിതത്വമാണ് അവരുടേത്. മറ്റു ചിലത് (ഉദാ.കപ്പൂച്ചിൻസ്, ഈശോ സഭ, സി.എം.ഐ, സലേഷ്യൻസ്, വിൻസെഷ്യൻസ്....) പ്രണിധാന ചൈതന്യത്തിൽ വിദ്യാഭ്യാസം, സമൂഹിക സേവനം, ആതുര ശുശ്രൂഷ, മിഷൻ പ്രവർത്തനം മുതലായവയിൽ ഒന്നിനോ പലതിനോ പ്രാധാന്യം കൊടുക്കുന്നവരാണ്.

## III) ചില ചോദ്യങ്ങൾ

**i) ഒരു സന്യസിയാകാൻ ദൈവം എന്നെ വിളിക്കുന്നുണ്ടോ?**

(ആരാധകരായ സഹോദരൻ - സ്നേഹത്തിൽ സംയോജിത ജീവിതം - സ്നേഹവലയം വിസ്തൃതമാക്കുന്ന പ്രവർത്തനം - ബ്രഹ്മചാര്യം, ദാരിദ്ര്യം, ആജ്ഞാനുസരണം - തിരുസഭാ സേവനം...........)

**ii) എനിക്ക് ലഭിച്ചിരിക്കുന്ന പ്രത്യേക സിദ്ധി എന്താണ്?**

(തിരുസഭക്കായി സ്വയം സമർപ്പിക്കാൻ ഏതു നിലയിൽ ആണ് എന്റെ ആന്തരിക പ്രചോദനം? വൈദീകൻ - അവൈദീകൻ - പ്രാർത്ഥന - പ്രബോധനം - അദ്ധ്യാത്മീക സേവനം - ആതുര സേവനം - സാമൂഹ്യപ്രവർത്തനം - മിഷൻ പ്രവർത്തനം.... അതിനാവിശ്യമായ ആരോഗ്യം, ബുദ്ധിശക്തി, സൽസ്വഭാവം, ധാർമ്മീകഭദ്രത, നേതൃത്വ ഗുണങ്ങൾ, എനിക്കുണ്ടോ?.........)

**iii) ഏതു സഭയാണ് എനിയ്ക്ക് പറ്റിയത്?**

**iv) ഇവ സംബന്ധിച്ച് ഞാൻ ഇതിനകം ചിന്തിച്ചിട്ടുണ്ടോ?ആദ്ധ്യാത്മീക പിതാവുമായി അഥവാ കുമ്പസാരക്കാരനുമായി അഥവാ വിവരമുള്ള ആരെങ്കിലുമായി സംസാരിച്ചിട്ടുണ്ടോ?**

(ആശയങ്ങൾ തെളിവാക്കാനും, സംശയങ്ങൾ നീക്കാനും, തീരുമാനങ്ങൾ എടുക്കുവാനും പറ്റിയ അവസരമാണ് വൊക്കേഷൻ ക്യാമ്പ്, സെമിനാർ, ധ്യാനം മുതലായവ) ●



"എന്റെ ജീവിതത്തിലെ ഏകജ്വരം ദൈവഹിതം–അതുമാത്രം–അതുമുഴുവൻ എന്നാണ്."

# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

**അവന്റെ ശരീരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു.** (അപ്പ.19:12)

### ദൈവത്തിന് എല്ലാം സാധ്യം

ലിൻഡ മരിയ, വടക്കൻ ഹൗസ്, കോട്ടുമുറി പി.ഒ., മാള

എനിക്ക് എം.ബി.ബി.എസ്. എക്സാമിന് നല്ല മാർക്കോടെ പാസ്സാകാൻ അനുഗ്രഹിച്ച കനീസിയൂസച്ചന് ഒരായിരം നന്ദി. എനിക്ക് കണ്ണൂർ മെഡിക്കൽ കോളജിൽനിന്നും ഒരു എൻ.ഒ.സി. കിട്ടി. ജില്ലാ ഹോസ്പിറ്റലിൽ ഹൗസ് സർജൻസി (ഇന്റേൺഷിപ്പ്) ചെയ്യാൻവേണ്ടി 10 പേർ ഹൈ റക്കമൻഡുമായി വന്നിരുന്നു. നാലുപേർക്കേ കൊടുക്കുകയുള്ളൂ. എനിക്ക് ഒരു റക്കമന്റുമില്ലാതെ എന്റെ കനീസിയൂസച്ചൻ എൻ.ഒ.സി. തന്ന് എറണാകുളം ജില്ലാ ആശുപത്രിയിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അനുഗ്രഹിച്ചു. ഇനി ഒരു നല്ല ഡോക്ടറായി ഇറങ്ങാൻവേണ്ടി പ്രാർത്ഥിക്കുന്നു. ഒരായിരം നന്ദി കനീസിയൂസച്ചന്.

### വിശ്വസിച്ചപ്പോൾ സൗഖ്യം

സാലി ജോസ്, പയ്യപ്പിള്ളി ഹൗസ്, മാള

എന്റെ മകളും കുടുംബവും അമേരിക്കയിലാണ് താമസിക്കുന്നത്. ഞാൻ ഇവിടെയിരുന്ന് കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ കുട്ടിയുടെ (ജാക്സോ) ശ്വാസംമുട്ട് മാറി കിട്ടിയതിന് ഒരായിരം നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

### വിവാഹം മംഗളകരമായി

കൊച്ചുത്രേസ്യ പോൾ, ആത്തപ്പിള്ളി ഹൗസ്, മാള പി.ഒ.

വിവാഹത്തിനുള്ള തടസ്സങ്ങളെല്ലാം മാറി. വളരെ മംഗളകരമായി നടന്നുകിട്ടി. സാമ്പത്തിക ബുദ്ധിമുട്ടുകൾ നീക്കി അനുഗ്രഹിച്ചു.

### പരീക്ഷയിൽ ഉന്നത വിജയം

ജിൽന പിൻഹീരോ, വലിയമരത്തിങ്കൽ ഹൗസ്, കാടുകുറ്റി

എല്ലാ തവണയും എത്ര പഠിച്ചാലും പരീക്ഷയ്ക്ക് മുഴുവൻ വിഷയത്തിനും ജയിക്കാൻ സാധിക്കാറില്ല. എന്നാൽ കനീസിയൂസ് പിതാവിനോട് അപേക്ഷിച്ചതിന്റെ ഫലമായി എല്ലാ വിഷയത്തിലും ജയിക്കാൻ സാധിച്ചു.

### അളവില്ലാത്ത അനുഗ്രഹം

ക്രിസ്റ്റീന ഫ്രാൻസിസ്, കോട്ടുമുറി

ഞാൻ നാല് മാസം മുടങ്ങാതെ കനീസിയൂസച്ചന്റെ അടുത്ത് വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് നല്ലൊരു ജോലി ലഭിച്ചു. കനീസിയൂസച്ചന് ആയിരം ആയിരം നന്ദി പറയുന്നു. ഇനിയും ഞങ്ങളുടെ കുടുംബത്തിന് അനുഗ്രഹങ്ങൾ ചൊരിയണമെന്നും പ്രാർത്ഥിക്കുന്നു.

### സൗഖ്യം നൽകിയ കർത്താവ്

ജിജി, കോട്ടുമുറി

എന്റെ മകളുടെ ചെവിയിലെ സെക്കൻഡ് സ്റ്റഡ് കുത്തിയത് പഴുത്തു. അവിടെ ഇരുന്ന് കമ്മൽ മൂടിപ്പോയി. ഊരിയെടുക്കുവാൻ പറ്റാത്ത അവസ്ഥയിലായി. എന്റെ അമ്മ അച്ചന്റെ അടുത്തുവന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി പഴുപ്പോടുകൂടി കമ്മൽ ഊരിപ്പോന്നു. ഇപ്പോൾ പ്രശ്നങ്ങൾ ഒന്നും ഇല്ല. ഇത്രയും വലിയ അനുഗ്രഹം തന്നതിന് വളരെ വളരെ നന്ദി.

### കൈ വേദന മാറ്റിയ കനീസിയൂസച്ചൻ

വർഗ്ഗീസ് വി.വി., വിതയത്തിൽ ഹൗസ്, കോട്ടുമുറി

ബഹു. ദൈവദാസൻ കനീസിയൂസ് അച്ചന്റെ മദ്ധ്യസ്ഥതയാൽ, ദൈവനാമത്തിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി, വ്യാഴാഴ്ചകളിൽ അച്ചന്റെ കുർബ്ബാനയിലും ഒപ്പീസിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും നിലവിളക്കിൽനിന്ന് എണ്ണ പുരട്ടുകയും ചെയ്തതിന്റെ ഫലമായി, എന്റെ ഇടത്തെ കൈയിലെ മരവിപ്പും വേദനയും മാറി കിട്ടി. (ഒരു വർഷത്തോളമായി) കൈ വേദനയുമായി ഓരോ മരുന്നുകൾ മാറിമാറി പുരട്ടിയിട്ടും കുറവ് ഉണ്ടായില്ല. ഇത്രയും വലിയ അനുഗ്രഹത്തിന് പിതാവിന് ഒരായിരം നന്ദി.

### തളർന്നകാലിന് ശക്തി

ആവിൻ ജോൺ, തന്നാടൻ ഹൗസ്

2010 എനിക്ക് ഒരു അസുഖം പ്രാപിച്ചിരുന്നു. എന്റെ രണ്ട് കാലുകളും തളർന്നുപോയി. എന്റെ ആന്റി ഇവിടെ അസുഖത്തിൽനിന്ന് മോചനം ലഭിച്ചാൽ ദൈവദാസൻ കനീസിയൂസച്ചന്റെ കുഴിമാടത്തിൽ വന്ന് പ്രാർത്ഥിക്കാം എന്ന് നേർന്നിരുന്നു. ഇപ്പോൾ എന്റെ അസുഖം മാറിയതിന്റെ നന്ദി സൂചനയായി ഇവിടെ വന്ന് പ്രാർത്ഥിക്കുന്നു.

### മരണത്തിൽ നിന്ന് ജീവനിലേക്ക്

ആൻസി ജീജോ, അറക്കൽ ഹൗസ്, തൃക്കൂർ, സി. ഡെന്നി റോസ്.

എട്ടര മാസം ഗർഭിണിയായ എനിക്ക് ബ്ലീഡിങ്ങ് മൂലം എന്റെയും കുഞ്ഞിന്റെയും ജീവൻ അപകടത്തിലാണെന്ന് പറഞ്ഞ് എന്നെ ആംബുലൻസിൽ കിടത്തി മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോയി. ഒരു മാസം അവിടെ ചികിത്സയിൽ കഴിഞ്ഞു. (ഞങ്ങളുടെ അമ്മൂമ്മ തെക്കേക്കര പൊതപറമ്പിൽ ആനന്ദപുരം കടുംബാംഗമാണ്). ഈ വലിയ അപകടവേളയിൽ അമ്മൂമ്മയുടെ കസിൻ കൂടിയായ കനീസിയൂസ് അച്ചനോട് മാധ്യസ്ഥം വഹിച്ച് നാമകരണ ജപം ചൊല്ലി പ്രാർത്ഥിച്ചിരുന്നു. എന്റെ മേമ്മ അച്ചനോട് ഒരു നേർച്ചയും നേർന്നിരുന്നു. എനിക്കും കുഞ്ഞിനും കുഴപ്പമൊന്നും കൂടാതെ കിട്ടിയാൽ അച്ചന്റെ കബറിടത്തിൽ എന്നെയും ഉണ്ണിയെയും കൊണ്ടുവന്ന് പ്രാർത്ഥിക്കാമെന്ന് പഞ്ഞിരുന്നു. അച്ചന്റെ മാധ്യസ്ഥംവഴി ദൈവം എനിക്കും കുഞ്ഞിനും കുഴപ്പമില്ലാതെ ആരോഗ്യമുള്ള കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. അച്ചനിലൂടെ നല്ല തമ്പുരാൻ വർഷിച്ച അനുഗ്രഹങ്ങൾക്ക് കോടാനുകോടി നന്ദി.

### സാലറി സർട്ടിഫിക്കറ്റ് ലഭിച്ചു.

അൽഫോൻസ സണ്ണി, ആത്തപ്പിള്ളി ഹൗസ്, കോട്ടുമുറി

എന്റെ മകന്റെ ഭാര്യയുടെ സാലറി സർട്ടിഫിക്കറ്റ് കിട്ടുവാൻ വൈകിയപ്പോൾ കഴിഞ്ഞ ആഴ്ചയിൽ ജപമാലക്ക് വന്നപ്പോൾ ഇങ്ങനെ ഞാൻ പ്രാർത്ഥിച്ചു. അടുത്ത ആഴ്ച ജപമാലക്ക് വരുന്നതിന് മുമ്പായി സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കനിസിയൂസ് അച്ചനോട് മാധ്യസ്ഥം യാചിച്ചിരുന്നു. അത് ഞങ്ങൾക്ക് ലഭിച്ചതിന് നന്ദി പറയുന്നു.

### കളവുപോയ ഫോൺ തിരികെ കിട്ടി

നിസ്മോൻ, അരിമ്പൂക്കാരൻ

ഞാൻ തമിഴ്നാട്ടിൽ ട്രെയിനിങ്ങിന് പോയപ്പോൾ എന്റെ ഫോൺ കളവുപോയി. ഞാൻ അവിടെനിന്ന് കരഞ്ഞ് അപേക്ഷിച്ചു. എന്റെ അമ്മ പിതാവിന്റെ കബറിടത്തിൽ തിരി കത്തിച്ച് കരഞ്ഞ് പ്രാർത്ഥിച്ചതിന്റെ ഫലമായി ഫോൺ തിരിച്ചുകിട്ടി. ഈ ഉപകാരം മരിച്ചാലും മറക്കില്ല. ഞങ്ങളുടെ സഹോദരന് ബ്രെയിനിലേക്ക് ഞരമ്പിന്റെ പ്രശ്നംമൂലം ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ പറഞ്ഞു. ഓപ്പറേഷൻ കഴിഞ്ഞാൽ സംസാരിശേഷി നഷ്ടപ്പെടും. അല്ലെങ്കിൽ അവയവങ്ങളുടെ ചലനശേഷി നഷ്ടപ്പെടുമെന്ന് ഡോക്ടർ പറഞ്ഞു. ദൈവദാസൻ കനീസിയൂസച്ചന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി യാതൊരു പ്രശ്നങ്ങളുമില്ലാതെ ഓപ്പറേഷൻ കഴിഞ്ഞു. ഇപ്പോൾ സുഖമായി ജീവിക്കുന്നു. കനീസിയുച്ചന് നന്ദി.

### സ്ഥലവും വീടും നൽകിയനുഗ്രഹിച്ചു.

സി.സി. ജോസഫ്, ചിറ്റിലപ്പിള്ളി, കാരക്കാമുറി, എറണാകുളം

ദൈവദാസനായ കനീസിയൂസച്ചന്റെ പ്രാർത്ഥനാസഹായംവഴി സ്ഥലം വാങ്ങുവാനും അവിടെ ഭവന നിർമാണം വളരെ വേഗത്തിൽ പൂർത്തിയാക്കി അവിടെ താമസിക്കാനുള്ള അനുഗ്രഹം ലഭിച്ചു. അതിനായി മുന്നിലുണ്ടായിരുന്ന തടസ്സങ്ങൾ വളരെ അതിശയകരമായ വിധത്തിൽ മാറ്റുകയും ചെയ്തത് കനീസിയൂസച്ചന്റെ മദ്ധ്യസ്ഥം വഴിയാണെന്ന് തീർത്തും വിശ്വസിക്കുന്നു. കനീസിയൂസച്ചന് നന്ദി. ദൈവത്തിന് നന്ദി.

### ആണി രോഗം മാറി

ഫാ. ഗിൽസൻ പയ്യപ്പിള്ളി, പയ്യപ്പിള്ളി ഹൗസ്, മാള, കാവനാട്

ദൈവദാസനായ കനീസിയൂസ് പിതാവിന്റെ മദ്ധ്യസ്ഥംതേടി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകന്റെ കാലിൽ ഉണ്ടായിരുന്ന ആണിയുടെ അസുഖം മാറികിട്ടി. ദൈവദാസനായ കനീസിയൂസ് പിതാവിന് ആയിരം ആയിരം നന്ദി.

### അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥൻ

സി. റോസ് ആൻ, സൊക്കോർസോ മഠം, മാള.

പശുവിനെ രാവിലെ കറന്നുകൊണ്ടിരിക്കുമ്പോൾ പശു തളർന്നുവീണു. എഴുന്നേൽക്കാൻ പറ്റുന്നില്ല. ഡോക്ടർ വന്നപ്പോൾ രക്ഷപ്പെടുക എളുപ്പമല്ല. സ്ഥിതി വളരെ മോശമായി എന്നു പറഞ്ഞു. തലപോലും ഉയർത്താൻ പറ്റുന്നില്ല. കിഴിയും മരുന്നും ചെയ്തു. കെട്ടിതൂക്കി നിർത്താൻ ശ്രമിച്ചു. കാലും കൈയും നിലത്ത് ഊന്നാൻ പറ്റുന്നില്ല. എല്ലാവരും ഉപേക്ഷിച്ചു. മരണം തീർച്ച. ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അഞ്ചുമണിയായപ്പോൾ അല്പനേരം നിന്നു, നടന്നു. അല്പം സുഖമായി. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ശക്തിയാണെന്ന് പൂർണ്ണമാ



# “പ്രാർത്ഥനയാണ് എന്റെ വിശ്രമം”

യി വിശ്വസിക്കുന്നു. രക്ഷപ്പെട്ടാൽ സാക്ഷ്യം, നന്ദി എഴുതിയിടാമെന്നും ഞാൻ നേർന്നിരുന്നു. ഇവിടത്തെ ശ്രാദ്ധ കുർബ്ബാനയുടെ നേരത്താണ് നേർന്നത്.

## പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്

അനു മരിയ ജോയ്, മൂലൻ ഹൗസ്, കോട്ടമുറി പി.ഒ., മാള

ദൈവമായ കർത്താവിന് സ്തുതി. ഞാൻ 2015-16 അദ്ധ്യയനവർഷത്തിലെ പത്താം ക്ലാസ് വിദ്യാർഥിനിയായിരുന്നു. പത്താം ക്ലാസിൽ ഫുൾ എ പ്ലസ് കിട്ടുന്നതിനുവേണ്ടി ഞാൻ കനിസിയൂസ് അച്ചന്റെ മുമ്പാകെ പ്രാർത്ഥിക്കുമായിരുന്നു. ഇതിന്റെ ഫലമായി കനീസിയൂസ് അച്ചൻ വഴി റിസൽട്ട് വന്നപ്പോൾ എനിക്ക് ഫുൾ എ പ്ലസ് നൽകി ദൈവം എന്നെ അനുഗ്രഹിച്ചു. കനീസിയൂസ് അച്ചാ ഒരുപാട് നന്ദി.

## വിസ്മയഭരിതമായ അനുഗ്രഹം

സീന ജെയ്സൻ, മാളിയേക്കൽ, സ്നേഹഗിരി

ദൈവദാസനായ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ രണ്ടാമത്തെ കുഞ്ഞ് അന്നമോളുടെ ഹാർട്ടിന്റെ വാൽവ് ദ്വാരം ഓപ്പറേഷൻ ഇല്ലാതെ തന്നെ അടഞ്ഞുപോകുന്നുവെന്ന് പറഞ്ഞു. ഈ അനുഗ്രഹത്തിന് പിതാവിനോട് ഞാൻ നന്ദി പറയുന്നു. അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

## അനുഗ്രഹദായകമായ നാമകരണ ജപം

റോജി അബിൻ, കൊരട്ടി

എന്റെ ഭർത്താവിന് ആസ്ട്രേലിയയിൽ ഷിപ്പിൽ ജോലി ഉണ്ടായിരുന്നു. അവിടെനിന്ന് ലീവിന് വന്നിട്ട് തിരിച്ചുപോകുവാൻ വളരെ തടസ്സങ്ങൾ ഉണ്ടായിരുന്നു. ഞാനും എന്റെ കുടുംബവും ഇവിടെവന്ന് കഴിയുന്ന വ്യാഴം ദിവസങ്ങളിൽ ദൈവദാസൻ കനീസിയൂസ് പിതാവിന്റെ പ്രാർത്ഥനകളിൽ വന്ന് പ്രാർത്ഥിക്കുമായിരുന്നു. അതിനിടയിൽ ആസ്ട്രേലിയയിൽനിന്നും ഒപ്പംതന്നെ പുതിയ അമേരിക്കൻ കമ്പനിയിൽനിന്നും ഇന്റർവ്യൂവിന് വിളിച്ചു. നവംബർ 17ന് എന്റെ ഭർത്താവ് ഗോവയിൽ ഇന്റർവ്യൂ അറ്റൻഡ് ചെയ്യുവാൻ പോയതുമുതൽ ഞാൻ കനീസിയൂസ് പിതാവിന്റെ നാമകരണ ജപം ഒരു ദിവസം 40 തവണ പ്രാർത്ഥിക്കുമായിരുന്നു. പ്രാർത്ഥനയിൽ എന്റ ആവശ്യങ്ങൾ ഇതായിരുന്നു; ജോലി ലഭിക്കുന്നതിനും, എത്രയുംവേഗം ജോലിയിൽ പ്രവേശിക്കാൻ സാധിക്കുന്നതിനും അമേരിക്കൻ വിസ കിട്ടുന്നതിനും . കാരണം നാല് വർഷങ്ങൾക്ക് മുമ്പ് അമേരിക്കൻ വിസ റിജക്ട് ആയിരുന്നു. ഒക്ടോബർ 19-ാം തിയതി വരെ ഞാൻ നാമകരണജപം 40 തവണ പ്രാർത്ഥിച്ചു. ഇതിന്റെ ഫലമായി ഒക്ടോബർ 28ന് ഭർത്താവ് അമേരിക്കയിൽ എത്തി ജോലിയിൽ പ്രവേശിച്ചു. ഇത്രയും വലിയ അനുഗ്രഹത്തിനായി ഒരായിരം നന്ദിയർപ്പിക്കുന്നു. തുടർന്നും ഞങ്ങളുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ വർഷിക്കണമെ എന്നും അപേക്ഷിക്കുന്നു.

## സഹായകനായ കനീസിയൂസച്ചൻ

ജിത ബിനു, കാച്ചപ്പിള്ളി ഹൗസ്, പാറപ്പുറം

ദൈവദാസൻ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൻ സാമുവലിന്റെ മൂക്കിൽ അകപ്പെട്ട പെൻസിൽ തുമ്മി പോവുകയാണ് ഉണ്ടായത്. എന്റെ മൂന്നര വയസ്സുള്ള മകൻ സാമുവൽ കിടന്നുകൊണ്ട് പെൻസിൽ മൂക്കിലിടുകയാണ് ചെയ്തത്. ഇത് ഞങ്ങളെ അറിയിച്ചപ്പോൾ തന്നെ ഞങ്ങൾ ആകെ ഭയന്നു. ഈശ്വരനോട് പ്രാർത്ഥിച്ചുണ്ടായ മകനാണ്. അപ്പാപ്പൻ ഉടൻതന്നെ കനീസിയൂസച്ചന്റെ പ്രാർത്ഥനാ പുസ്തകത്തിലെ പ്രാർത്ഥന ചൊല്ലി. അംഗൻവാടിയിൽ ചെന്നപ്പോൾ ടീച്ചർ സാമുവലിനെ തുമ്മിക്കുകയായിരുന്നു. അങ്ങനെ പെൻസിൽ തെറിച്ചുപോയി. കനീസിയൂസച്ചൻ വഴി ഈശോ നൽകിയ അനുഗ്രഹത്തിന് ഒരായിരം നന്ദി.

## കനീസിയൂസച്ചാ, ആയിരം ആയിരം നന്ദി

ലൂവിസ്, അമ്പാട്ട് വീട്, കോട്ടക്കൽ

എനിക്ക് കുറച്ചു നാളുകളായി കൈകാൽ മരവിക്കലും പിടലി വേദനയും മൂലം ഞാൻ വളരെ അസ്വസ്ഥനായിരുന്നു. എല്ലാ വ്യാഴാഴ്ചകളിലും കനീസിയൂസച്ചന്റെ അടുക്കൽവന്ന് ജപമാലയിലും പ്രാർത്ഥനയിലും പങ്കെടുക്കുകയും നിലവിളക്കിലെ എണ്ണ എടുത്ത് കൈകാലുകളിലും പിടലിക്കും തൊടുകയും ചെയ്തതിന്റെ ഫലമായി മേൽ പറഞ്ഞ എല്ലാ അസ്വസ്ഥതകളും മാറികിട്ടുകയും ചെയ്തു. ഈശോയ്ക്കും കനീസിയൂസച്ചനും ആയിരം ആയിരം നന്ദി.

## ഫലസമൃദ്ധി

സിസ്റ്റർ സുപ്പീരിയർ, കാർമ്മൽ മൗണ്ട് കോൺവെന്റ്, ലക്കിടി, മംഗലം ഡാം പി.ഒ., പാലക്കാട്

കഴിഞ്ഞ വർഷം ഞങ്ങളുടെ കശുമാവിൻതോപ്പിൽ മാവ് പൂത്തശേഷം പൂവെല്ലാം കരിഞ്ഞുപോയതിനാൽ കാര്യമായ ഫലം ഉണ്ടായില്ല. ഈ വർഷവും മാവ് പൂത്തപ്പോൾ കശുവണ്ടി വിരിയുവാൻ സമയം എടുക്കുന്നതായി തോന്നി. ഞങ്ങൾ കനീസിയൂസച്ചന്റെ പടം മാവിൻതോപ്പിൽ പലയിടങ്ങളിലായി കെട്ടിത്തൂക്കുകയും ഹന്നാൻവെള്ളം തെളിച്ച് ഇടക്ക് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി ഞങ്ങൾ വിചാരിച്ചതിലും അധികമായി ഫലം ലഭിക്കുകയും വിലയിൽ വർധനവ് ഉണ്ടാവുകയും ചെയ്തു. ദൈവത്തിന് സ്തുതി.

## കാഴ്ച നൽകിയ കനീസിയൂസച്ചൻ

ഔസേപ്പ് മാളിയേക്കൽ, കോട്ടമുറി

ദൈവദാസനായ കനീസിയൂസ് പിതാവിന് എന്റെ സ്തുതിയും നന്ദിയും എനിക്ക് കണ്ണ് ഓപ്പറേഷൻ കഴിഞ്ഞതിൽപിന്നെ എന്റെ ഒരു കണ്ണിന് മാത്രമേ കാഴ്ച കിട്ടിയുള്ളു. ഒരു കണ്ണിന് കാഴ്ച തീരെ കിട്ടിയിരുന്നില്ല. പിതാവിനോട് എന്റെ കാഴ്ചയുള്ള കണ്ണിന്റെ കാഴ്ച കുറയാതിരിക്കാനും കാഴ്ചയില്ലാത്ത കണ്ണിന് കാഴ്ച കിട്ടുന്നതിനും പ്രത്യേകം പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചിരുന്നു. ദിവസവും പ്രത്യേക പ്രാർത്ഥന ചൊല്ലി അപേക്ഷിച്ചിരുന്നു. ഇപ്പോൾ എനിക്ക് കാഴ്ച ഇല്ലാതിരുന്ന കണ്ണിന് കുറേശെ കാഴ്ച കിട്ടുകയും കാഴ്ചയുള്ളത് നന്നായി കൂടുകയും ചെയ്തു. പിതാവിന്റെ സഹായം മാത്രമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. പിതാവെ എനിക്ക് തന്ന അനുഗ്രഹത്തിന് നന്ദിയും സ്തുതിയും. എന്നെ സഹായിക്കണമെ.

## ഓപ്പറേഷൻ വേണ്ട

ടി.കെ. ദേവസികുട്ടി, തെക്കിനിയത്ത് ഹൗസ്, ആലത്തൂർ

ബഹു. കനീസിയൂസ് അച്ചനും ഈശോയ്ക്കും ഒരായിരം നന്ദി. എനിക്ക് ഹൃദയസംബന്ധമായ ബുദ്ധിമുട്ട് ഇടയ്ക്കിടെ വരാറുണ്ടായിരുന്നു. ഡോക്ടറെ കണ്ടപ്പോൾ ഇ.സി.ജി. എടുക്കാൻ പറഞ്ഞു. അതിൽ വേരിയേഷൻ ഉണ്ടെന്നും കൂടുതലായി അറിയാൻ എക്കോ ടെസ്റ്റ് ചെയ്യാൻ പറഞ്ഞു. അതിൽ ഡോക്ടർ പറഞ്ഞത് ഒരു അറ്റാക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച് വല്ല മരുന്നും കഴിക്കുന്നുണ്ടോ എന്നു ചോദിച്ചു. ഞാൻ ഇതുകേട്ടപ്പോൾ വല്ലാതെ വിഷമിച്ചു. കൂടുതൽ വിശദമായി അറിയണമെങ്കിൽ ആൻജിയോഗ്രാം ചെയ്യണമെന്നും പറഞ്ഞു. ഇത് അറിഞ്ഞപ്പോൾ എന്റെ മകൾ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കുമായിരുന്നു. എനിക്ക് ഒരു കുഴപ്പവും കൂടാതെ ആൻജിയോഗ്രാം ചെയ്ത് കഴിഞ്ഞാൽ കൃതജ്ഞത എഴുതി ഇടുമെന്നും നേർന്നിരുന്നു. അതിന്റെ ഫലമായി എന്റെ റിസൾട്ടിൽ കുഴപ്പമൊന്നും ഇല്ലെന്നും മരുന്ന് കഴിച്ചാൽ മതി എന്നും ഓപ്പറേഷന്റെ ആവശ്യമില്ലെന്നും പറഞ്ഞു. ഇത്രയും വലിയ അനുഗ്രഹം നേടിത്തന്ന ഉണ്ണീശോയ്ക്കും ബഹു. കനീസിയൂസച്ചനും ഒരായിരം നന്ദിയും സ്തുതിയും

## ദൈവത്തിന് സ്തുതി

സിന്ധു ജോസ്, പുന്നോലിപറമ്പിൽ, കൊമ്പിടി

എന്റെ മകൻ കാൽവിൻ ജോസിന്റെ സി.ബി.എസ്.ഇ. പ്ലസ് ടു എക്സാമിന് കനീസിയൂസച്ചന്റെ പ്രത്യേക മാദ്ധ്യസ്ഥം അപേക്ഷിച്ചിരുന്നു. ഇന്നലെ റിസൾട്ട് വന്നു. ദൈവാനുഗ്രഹത്താൽ മകന് ഫുൾ എ പ്ലസ് ഉണ്ട്. 95.6% മാർക്കും ഉണ്ട്. കനീസിയൂസച്ചന്റെ മാധ്യസ്ഥത്തിൽ കിട്ടിയ ഈ ഉന്നത വിജയത്തിന് പ്രത്യേകം നന്ദി പറയുന്നു.

## രക്ഷാകവചമായ കനീസിയൂസച്ചൻ

ത്രേസ്യാമ്മ, കാരേക്കാട്ട്

ദൈവത്തിന് സ്തുതി. സ്നേഹപിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ദൈവദാസനായ കനീസിയൂസച്ചൻവഴി എനിക്കു നൽകിയ അനുഗ്രഹങ്ങൾ നിരവധിയാണ്. അതിൽ ഒന്ന് എടുത്തുപറയുന്നു. എന്റെ ഇടതുകണ്ണിന് മൂടികെട്ടലും കണ്ണിൽനിന്ന് വെള്ളം വരലുമാണ്. ഡോക്ടർ ഓപ്പറേഷൻ ചെയ്യാൻ പറഞ്ഞ കണ്ണാണ്. ഞാൻ അച്ചന്റെ കുഴിമാടത്തിൽവന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ കണ്ണിന്റെ മങ്ങലും കണ്ണിൽനിന്ന് വെള്ളം വരലും മാറികിട്ടി. നല്ലവനായ ദൈവമേ, കനീസിയൂസച്ചൻ വഴിയായി ലഭിച്ച അനുഗ്രഹങ്ങൾക്ക് ഞാൻ ഒരായിരം നന്ദി പറയുന്നു. അങ്ങയുടെ മാദ്ധ്യസ്ഥം ഇനിയും ഞങ്ങൾ അപേക്ഷിക്കുന്നു.

## അതിശയ രോഗസൗഖ്യം

വത്സല, കോട്ടമുറി

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് കിട്ടിയ അനുഗ്രഹത്തിന്റെ സാക്ഷ്യം. ഒക്ടോബർ 18-ാം തിയതി എനിക്ക് പെട്ടെന്ന് വയറുവേദനയും യൂറിൻ പോകാൻ ബുദ്ധിമുട്ടും അനുഭവപ്പെട്ടു. ഡോക്ടറെ കണ്ടപ്പോൾ ഉടനെ സ്കാൻ ചെയ്യാൻ പറഞ്ഞു. സ്കാൻ റിപ്പോർട്ട് കിട്ടിയപ്പോൾ യൂട്രസും ഓവറിയും റിമൂവ് ചെയ്യണമെന്ന് പറഞ്ഞു. അന്നുതന്നെ ഓപ്പറേഷനായിട്ടുള്ള എല്ലാ ടെസ്റ്റുകളും ചെയ്തു. അഞ്ച് ദിവസം കഴിയുമ്പോൾ റിസൽട്ട് കിട്ടിയിട്ട് വന്നാൽ മതിയെന്ന് പറഞ്ഞു. സ്കാനിങ്ങ് കഴിഞ്ഞ അന്നുമുതൽ ഞാൻ കനീസിയൂസ് അച്ചന്റെ കബറിടത്തിൽ മുട്ടിപ്പായി പ്രാർത്ഥിച്ചിരുന്നു. 23-ാം തിയ്യതി രാവിലെ ദിവ്യബലിക്ക് വന്നപ്പോൾ ഡേവിസ് പനക്കിൽ അച്ചനോട് ഞാൻ പ്രാർത്ഥനാസഹായം തേടിയിരുന്നു. അച്ചനും എനിക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. അന്ന് ഞാൻ ഹോസ്പിറ്റലിൽ ചെന്ന് റിസൾട്ട് ഡോക്ടർമാർ നോക്കിയപ്പോൾ എല്ലാം നോർമ്മൽ ആണ് എന്ന് പറഞ്ഞു. എന്റെ യൂട്രസ് വീണ്ടും ചെക്ക് ചെയ്തു. ആദ്യം കണ്ടിരുന്ന തടിപ്പോ മറ്റ് പ്രയാസങ്ങളോ ഒന്നും അതിൽ കാണാൻ പറ്റിയില്ല. ഡോക്ടർക്കുതന്നെ അതിശയം തോന്നുന്ന രീതിയിലുള്ള മാറ്റമാണ് അതിൽ കാണാൻ സാധിച്ചത്. ഇത്രയും വലിയ അനുഗ്രഹംചെയ്തുതന്ന കനീസിയൂസച്ചന് കോടാനുകോടി നന്ദി പറയുന്നു.

## സൗഖ്യദായകനായ പിതാവ്

ലൈജി, തുമ്പരശേരി, കുഴൂർ

എന്റെ അമ്മയയ്ക്ക് ഒന്നര വർഷം മുമ്പ് യൂട്രസിനും വയറിനും മധ്യഭാഗത്ത് ക്യാൻസറാണെന്ന് ഡോക്ടേഴ്സ് പറഞ്ഞു. ഓപ്പറേഷൻ ചെയ്യാൻ കഴിയുമായിരുന്നില്ല. മൂന്ന് മാസം വരെയാണ് അമ്മയ്ക്ക് ആയുസ്സ് എന്ന് ഡോക്ടർമാർ പറഞ്ഞു. 23 റേഡിയേഷനും 10 കീമോയും ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. അതിൽ 23 റേഡിയേഷനും ആറ് കീമോയും മാത്രമേ ചെയ്യാൻ കഴിഞ്ഞുള്ളു. കൗണ്ട് കുറയന്നതുകൊണ്ട് ബാക്കി ഇഞ്ചക്ഷൻ ചെയ്യാൻ കഴിഞ്ഞില്ല. ഞാനും എന്റെ കുടുംബവും കനീസിസൂയച്ചന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും പ്രാർത്ഥനാ സഹായത്തിനുവേണ്ടി എഴുതിയിടുകയും ചെയ്തു. കനീസിയൂസച്ചന്റെ സഹായത്താൽ എന്റെ അമ്മയുടെ യൂട്രസിലെ മുഴ ചെറുതാവുകയോ വലുതാവുകയോ ചെയ്യുന്നില്ല എന്ന് സ്കാൻ റിപ്പോർട്ടിൽ നിന്നും മനസ്സിലായി. ഒന്നര വർഷം മുമ്പ് ആ മുഴ എങ്ങനെയാണോ നിന്നിരുന്നത് അതെപോലെയാണ് ഇപ്പോഴും ഇരിക്കുന്നത്. ഒരാളുടെ സഹായം ഇല്ലാതെ വീട്ടിലെ ജോലികളെല്ലാം ചെയ്യുന്നു. വിളിച്ചാൽ വിളികേൾക്കുന്ന കനീസിയൂസച്ചൻ വഴി എനിക്കും എന്റെ കുടുംബത്തിനും നൽകിയ സഹായങ്ങൾക്ക് നന്ദി പറയുന്നു. ഉപകാരസ്മരണ എഴുതിയിടാൻ വൈകിയതിൽ മാപ്പ് അപേക്ഷിക്കുന്നു. ■



സി. ട്രീസ
പറോക്കാരൻ C.H.F.

# ബ.കനീസിയൂസച്ചന്റെ അന്ത്യദിനങ്ങളിലൂടെ...



എന്റെ ആത്മീയ ഗുരുവായ കനീസിയൂസച്ചൻ, അസുഖമായി അമല ആശുപത്രിയിലാണെന്നറിഞ്ഞപ്പോൾ പോയി കാണണമെന്ന വലിയ ആഗ്രഹം തോന്നി. അങ്ങനെ ഞാനും, സി. റോസ് ബാസ്റ്റ്യനും ജനുവരി 24-ാം തിയതി ശനിയാഴ്ച ഏകദേശം 1 മണിയോടെ അമലയിൽ എത്തി. അച്ചന്റെ മുറിയിൽ ചെന്നപ്പോൾ അവശനെങ്കിലും ചൈതന്യം നിറഞ്ഞ കണ്ണുകളോടെ അച്ചൻ ഞങ്ങളെ നോക്കി. ഞങ്ങളെ മനസ്സിലായപ്പോൾ നല്ല പുഞ്ചിരിയോടെ വളരെ ഉപകാരം എന്ന് പറഞ്ഞു. അച്ചന്റെ കട്ടിലിനരികിൽ രണ്ട് കസേരയിട്ടിരുന്ന്, ഏകദേശം മൂന്നു മണിക്കൂറോളം അച്ചനെ ശുശ്രൂഷിച്ചു. ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം സ്ഫുടമായി ഉത്തരം നല്കി. ഈശോയുടെ പാട്ടു കേൾക്കാൻ അച്ചന് വലിയ ഇഷ്ടമാണ്. ഞങ്ങൾ കുറെ പാട്ടുകൾ പാടി കൊടുത്തു, ഓരോ പാട്ടു കഴിയുമ്പോഴും ഈശോയുടെ സ്നേഹം അനുഭവിച്ച് കൊണ്ട് നല്ല പുഞ്ചിരിയോടെ "വളരെ ഉപകാരം" എന്ന് പറഞ്ഞിരിന്നു, ഇടയ്ക്കിടെ സ്തുതിപ്പും അച്ചന് വേണ്ടി സ്വയം പ്രേരിത പ്രാർത്ഥനകളും നടത്തി. അതോടൊപ്പം അച്ചൻ ചുണ്ടുകളനക്കി പ്രാർത്ഥിച്ചിരുന്നു, ഇടയ്ക്ക് വെള്ളവും കാപ്പിയും മറ്റും സ്പൂണിൽ പകർന്ന് കൊടുക്കാനും മറ്റു ശുശ്രൂഷകൾ ചെയ്യാനും അവസരം ലഭിച്ചത് ഭാഗ്യമായി തോന്നുന്നു. ഞങ്ങൾ രണ്ടു പേരും അച്ചന്റെ അനുഗ്രഹവും പ്രാർത്ഥനയും സ്വീകരിച്ചു. അച്ചൻ ഈശോയെ നേരിൽ കാണുമ്പോൾ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണേ എന്നതിനു "തീർച്ചയായും" എന്ന ഉത്തരം നൽകി. ഈശോയുടെ അടുത്തേയ്ക്ക് പോകുവാൻ ഇഷ്ടമാണോ എന്ന ചോദ്യത്തിന് ഇഷ്ടമാണ്, പക്ഷെ അവിടുത്തെ ഇഷ്ടം, അതു മുഴുവൻ, അതു മാത്രം എന്റെ ഏകജ്വരം, ഏക സന്തോഷം, ഏക സംതൃപ്തി എന്നിങ്ങനെ പലപ്രാവശ്യം പറഞ്ഞു. അനുഗ്രഹം നല്കിയ ഉടനെ അദ്ദേഹം വളരെ ശക്തമായി പറഞ്ഞു "എന്റെ പിതാവിന്റെ പക്കലേക്ക് പോകാനുള്ള സമയമായി" അച്ചൻ എന്താണ് അങ്ങനെ പറയുന്നത് എന്ന ചോദ്യത്തിന് "എനിക്ക് അങ്ങനെ തോന്നുന്നു" എന്ന് പറഞ്ഞു. ഇത് കേട്ടപ്പോൾ സമ്മിശ്ര വികാരങ്ങൾ മനസിലുണ്ടായി. ഈശ്ശോയുടെ അടുത്ത്പോവുമ്പോൾ എന്ത് സന്തോഷമായിരിക്കും എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ വളരെ സന്തോഷത്തോടെ മനോഹരമായി പുഞ്ചിരിച്ചു. നാലു മണിക്ക് അച്ചന് ചായകൊടുത്തപ്പോൾ സിസ്റ്റേഴ്സിനു ചായവാങ്ങി കൊടുക്കാൻ അച്ചനെ ശുശ്രൂഷിച്ചിരുന്ന ദേവസ്സി ചേട്ടനോടു പറഞ്ഞു. ഞങ്ങൾ ചായ കഴിച്ചതിനു ശേഷം അമലയിൽ പഠിക്കുന്ന ഞങ്ങളുടെ കോൺവെന്റിലെ സി. ആഷയെ കണ്ടു. ആ സിസ്റ്ററിനേയും കൂട്ടി ആ സമയം ലൈറ്റടിച്ചതിനു ശേഷം നേഴ്സ് മരുന്നു പുരട്ടുകയായിരുന്നു. അച്ചന്റെ അടുക്കലേക്ക് ഞങ്ങൾ വന്നു. സിസ്റ്ററിനെ അച്ചന് പരിചയപ്പെടുത്തി. ഇനി സമയം 4 ½ അയി ഞങ്ങൾ പോകട്ടെയെന്ന് പറഞ്ഞപ്പോൾ അച്ചൻ എന്തോ പറയുന്നപോലെ തോന്നി. ചോദിച്ചപ്പോൾ " ഈശോയുടെ ഒരു പാട്ടുകൂടി പാടിയിട്ട് പോയ്ക്കോ" എന്നു കേട്ടപ്പോൾ ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞു. ഏത് പാട്ട് വേണം. എന്നു ചോദിച്ചതിന് വാവാ ..... യേശു നാഥാ എന്ന പാട്ടു മതി എന്ന ആഗ്രഹമനുസരിച്ച് ഞങ്ങൾ മൂന്നു പേരും കൂടി ആ പാട്ടു പാടി കൊടുത്തു. മറ്റുള്ളവരിലെ നന്മ എന്നും എടുത്തു പറയുന്ന അച്ചൻ അപ്പോൾ പറഞ്ഞു ആ സിസ്റ്റർ നന്നായി പാടുന്നുണ്ടല്ലോ? ജൂനിയർ സിസ്റ്ററാണോ? ഏതു ബാച്ചാണ്? എല്ലാം ചോദിച്ചറിഞ്ഞു. അവസാന സമയത്തും മറ്റുള്ളവരിലേയ്ക്ക് കടന്നു ചെല്ലുന്ന സ്നേഹം അവിടെ പ്രകടമായി. ഞങ്ങളുടെ മിക്ക ബാച്ചിലേയും ജൂനിയർ സിസ്റ്റേഴ്സിന് പരിയാരം നോവിഷ്യേറ്റിൽ അദ്ദേഹം സ്പിരിചൽ ഡിറക്ഷൻ നല്കിയിരുന്നു. അവിടെ പഠിക്കുന്ന സി. ആഷ ദിവസവും വന്ന് പാട്ടു പാടി അച്ചനോടൊപ്പം പ്രാർത്ഥിക്കുകയും ബൈബിൾ വായിച്ച് തരുകയും ചെയ്യുമെന്ന് ഞങ്ങൾ പറഞ്ഞു. പിറ്റേ ദിവസം ഞായറാഴ്ച സി. ആഷ ബൈബിൾ വായിച്ചു കൊടുക്കുകയും പാട്ടു പാടി പ്രാർത്ഥിക്കുകയും ചെയ്തു. തിങ്കളാഴ്ച എനിക്ക് അമല വഴി പോകാൻ വീണ്ടും ഒരവസരം കിട്ടി, എന്റെ അനുജത്തിയും അനിയനും കൊച്ചുമോനും പോയി. പുണ്യവാളനായ അച്ചന്റെ അനുഗ്രഹം വാങ്ങുവാനായി അവരേയും കൊണ്ടുപോയി. അവരെ പരിചയപ്പെടുത്തിയപ്പോൾ മോൻ ഏതു ക്ലാസിലാണ് പഠിക്കുന്നതെന്നും മറ്റും ചോദിച്ചു. അച്ചന്റെ അനുഗ്രഹം വാങ്ങാനാണ് എന്നു പറഞ്ഞപ്പോൾ വലത്തെ കൈ പൊക്കി അച്ചൻ പ്രാർത്ഥിച്ചു. അവർക്കു വലിയ സന്തോഷമായി. അവർ കൊന്തയെല്ലാം കയ്യിൽ കൊടുത്ത് ആശിർവ്വാദം വാങ്ങി, അനുഗ്രഹം സ്വീകരിച്ചു. ബുധനാഴ്ച്ച മരിക്കുന്നതിന്റെ തലേദിവസം അച്ചനെ ശുശ്രൂഷിച്ചിരുന്ന ചേട്ടന്മാരോട് അച്ചൻ പറഞ്ഞു " നിങ്ങൾ എന്റെ കാവൽ മാലാഖമാരാണ്, പക്ഷെ, നിങ്ങൾക്ക് അവകാശം തരാൻ എന്റെ കയ്യിൽ ഒന്നുമില്ല". അവർ പറഞ്ഞു സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ഞങ്ങളുടെ കാര്യം പറഞ്ഞാൽ മതി. അന്നു രാത്രിയും അച്ചൻ ഭക്ഷണം കഴിച്ചു. 29-ാം തിയതി വ്യാഴാഴ്ച വെളുപ്പിന് 5 മണിക്കു തൊണ്ടയിൽ അന്നും അസ്വസ്ഥതയുണ്ടായി. 'മക്കളെ' എന്ന് വിളിച്ചപ്പോൾ ചേട്ടന്മാർ എഴുന്നേറ്റു. അച്ചൻ വെള്ളം ചോദിച്ചപ്പോൾ വെള്ളം ഗ്ലാസിലെടുത്തു ഒഴിച്ചു കൊടുത്തു. അപ്പോഴേക്കും അച്ചൻ അവശനായിരുന്നു. 6 മണി ആയപ്പോൾ അച്ചന്റെ വായ അൽപം തുറന്നു, തലചായിച്ചു. ജീവൻ വെടിഞ്ഞു. ആ പുണ്യാത്മാവ് വളരെ ശാന്തമായി പിതാവിന്റെ പക്കലേക്കു യാത്രയായി.


1978 – ൽ ധർമ്മാരാം കോളേജിൽ തിയോളജി പഠിക്കുമ്പോഴായിരുന്നു അച്ചൻ ഞങ്ങളുടെ ഗുരുവായത്. ഞാൻ ഇന്നും ഓർക്കുന്നു, അവിടെ ക്ലാസ് കഴിഞ്ഞ ദിവസം എല്ലാ സിസ്റ്റേഴ്സും ക്ലാസിൽ മുട്ടുകുത്തി അച്ചൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു പറഞ്ഞത്. പിന്നീട് സി. എസ്. ആറിൽ വന്നതിനു ശേഷവും അമ്പഴക്കാടു വന്നതിനു ശേഷവും വർഷത്തിൽ ഒരു ദിവസം ഞങ്ങൾ അച്ചന്റെ അടുത്തുപോയി കുമ്പസാരിച്ച് ഉപദേശം തേടാറുണ്ട്. ഈശോയോടുകൂടി നിരന്തരം വസിച്ച് ആ സാന്നിദ്ധ്യാനുഭവത്തിൽ മുഴുകിയിരുന്ന അച്ചന് എല്ലാ പ്രശ്നങ്ങൾക്കും ഉത്തരമുണ്ടായിരുന്നു. അച്ചന്റെ എഴുത്തുകളെല്ലാം നല്ല പ്രചോദനം നൽകുന്നവയാണ്. എപ്പോഴും ചൊല്ലുവാൻ പറയുന്ന ഒരു പ്രാർത്ഥന കുർബാനയിലെ "കർത്താവേ..... ദുഷ്ടാരൂപിയിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ" എന്നതാണ്. അച്ചന്റെ പ്രാർത്ഥനാരൂപിയും എളിമയും ദാരിദ്ര്യാരൂപിയും വിനയവും മറ്റുള്ളവരെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന പ്രകൃതിയും വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. ധ്യാനത്തിന്റെ പോയിന്റ്സ് എഴുതി കൊണ്ടുവരുന്നത് അച്ചന് വന്ന എഴുത്തിന്റെ ബാക്കിയുള്ള കടലാസ്സിലാണ്. ദീർഘനേരം സി.എസ്.ആറിൽ "സന്നിധിയിൽ" മുട്ടുകുത്തി നില്ക്കുന്നതു കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്. ധ്യാന സമയത്ത് ഉറങ്ങാൻ എങ്ങനെ സാധിക്കുമെന്നും ഈശോയുമായി സംഭാഷണം നടത്തിയാൽ സമയം പോകുന്നതറിയില്ല എന്നും ഈശോ നമുക്കുള്ളപ്പോൾ നമ്മുടെ ബുദ്ധിമുട്ടുകൾ വേറെ ഒരു വ്യക്തിയോടും ഒന്നും ഷെയർ ചെയ്യേണ്ടതായി തോന്നുന്നില്ല എന്നും അച്ചൻ പറഞ്ഞു തന്നിട്ടുള്ളത് ഇന്നും എന്ന പോലെ ഓർക്കുന്നു. ഈശോയുടെ സ്നേഹത്തെപ്പറ്റി പറഞ്ഞു തുടങ്ങുമ്പോൾ മുഖം പ്രകാശിക്കും, കണ്ണുകൾ ജ്വലിക്കും, കൈകൾ രണ്ടും കൂട്ടിതിരുമ്മി ചിരിച്ചുകൊണ്ട് ആ സ്നേഹം അച്ചൻ അനുഭവിക്കുന്നത് ഓർത്തുപോകുന്നു. അച്ചന്റെ ആത്മാവ് സ്വർഗ്ഗത്തിൽ പിതാവിന്റെ പക്കൽ ഈശോയിൽ ലയിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നു. അച്ചനിലൂടെ അനേകർക്ക് ഇനിയും യേശു സാന്നിദ്ധ്യം ലഭിക്കട്ടെയെന്ന പ്രാർത്ഥനയോടെ. •


## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, ഏറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 - 1978 | : സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

### എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

| | |
|---|---|
| 06.00 am | : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ് |
| 02.30 pm | : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം |
| 05.00 pm | : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന |
| 07.00 pm | : നവസന്യാസികളുടെയും വൈദീകരുടെയും പ്രാർത്ഥന |



ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം

**The Vice Postulator, Servant of God Fr. Canisius' Cause**
**ST. TERESA'S MONASTERY, KOTTACKAL**
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com

MMB 9447 057 323